# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *316 — 14/03/2017-ൽ മറുപടിക്ക്

### ജീവൻ രക്ഷാ മരുന്നുകളുടെ ഗുണനിലവാരവും വിലയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>,, ആർ. രാജേഷ്<br>,, സി.കെ. ഹരീന്ദ്രൻ<br>,, കെ.ജെ. മാക്സി | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) ജീവൻ രക്ഷാ മരുന്നുകളുടെയും ശസ്ത്രക്രിയാ ഉപകരണങ്ങളുടെയും വില നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | എ) സംസ്ഥാന സർക്കാരിന് മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന് അധികാരമില്ല. രാജ്യത്ത് നിർമ്മിച്ച് വിൽക്കപ്പെടുന്ന മരുന്നുകളുടെ വില നിയന്ത്രിക്കാൻ അധികാരപ്പെടുത്തിയിരിക്കുന്നത് കേന്ദ്ര കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് വകുപ്പിനു കീഴിലുള്ള ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (എൻ.പി.പി.എ)-യെ ആണ്. |
| ബി) പ്രസ്തുത ഉപകരണങ്ങൾക്കും മരുന്നുകൾക്കും വ്യത്യസ്ത വില ഈടാക്കുന്നത് തടയാനായി ഇവയുടെ വില ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ബി) മരുന്നുകളുടെ വില ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയാണ്. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചിട്ടുള്ള സീലിംഗ് പ്രൈസിനേക്കാളും കൂടിയ വിലയ്ക്ക് മരുന്നുകൾ വിൽപ്പന/വിതരണം നടത്താൻ പാടില്ല എന്നതാണ് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013 നിഷ്കർഷിക്കുന്നത്. നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് ഈ വിലയിൽനിന്നും താഴ്ത്തി വിൽപ്പന നടത്തുന്നതിൽ നിയമപരമായി തെറ്റില്ല. |
| സി) ജീവൻ രക്ഷാ മരുന്നുകളുടെയും ശസ്ത്രക്രിയ ഉപകരണങ്ങളുടെയും ഗുണനിലവാരവും വിലയും പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | സി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് & റൂൾസ്, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ എന്നിവയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണനിലവാരമുള്ള മരുന്നുകളാണ് നിർമ്മിച്ച് വിതരണം/ വിൽപ്പന നടത്തുന്നതെന്നും ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയ്ക്ക് പൊതുജനങ്ങൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നുണ്ടെന്നും ഡ്രഗ്സ് |

→

കൺട്രോൾ വകുപ്പ് കർശന പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്.

ഡി) ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് ഫലപ്രദമായി ഇടപെടാൻ സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. ഗുണനിലവാരമുള്ള മരുന്നുകൾ നിശ്ചിത വിലയിൽ ലഭ്യമാക്കുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാനകർത്തവ്യം. നിരന്തരമായ പരിശോധനകളിലൂടെയും വകുപ്പുതല/നിയമ നടപടികളിലൂടെയും പ്രസ്തുത ദൗത്യം വകുപ്പ് ഫലപ്രദമായി നടത്തിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**